Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbcsite.com, www.kcbcsite.com

30. 08.2010

All Kerala Press Release

***Ref:*** *252/KCBC/K-6/KPR*

# കെ.സി.ബി.സി. അനുശോചിച്ചു

കൊച്ചി: ഹൈദരാബാദ് ആർച്ച് ബിഷപ് ഡോ. ജോജി മാറാംപുടിയുടെ ആകസ്മിക നിര്യാണത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി ദുഃഖവും രേഖപ്പെടുത്തി. ആന്ധ്രപ്രദേശിലെ സഭാസമൂഹത്തിനൊപ്പം ഇന്ത്യൻ സഭയ്ക്കും ആർച്ച്ബിഷപ് ജോജിയുടെ മരണം തീരാനഷ്ടമാണെന്നു കെ.സി.ബി.സി. പത്രക്കുറിപ്പിൽ വ്യക്തമാക്കി.

മരണംവരെ സത്യവിശ്വാസത്തെയും സഭാപാരമ്പര്യങ്ങളെയും മുറുകെപ്പിടിച്ചയാളായിരുന്നു ആർച്ച് ബിഷപ് ജോജി. ആത്മീയനേതാവെന്ന നിലയിൽ അദ്ദേഹം നല്കിയ മാതൃക എന്നും സ്മരിക്കപ്പെടുമെന്ന് പത്രക്കുറിപ്പിലും ഹൈദരാബാദ് ആർച്ചുബിഷപ്സ് ഹൗസിലേക്ക് അയച്ച സന്ദേശത്തിലും കെ.സി.ബി.സി. പ്രസിഡന്റ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ജനറൽ ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് എന്നിവർ അറിയിച്ചു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.